നമ്പർ എ1- 10034/16

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം. തീയതി. 23.5.2017

## സർക്കുലർ

വിഷയം പഞ്ചായത്ത് വകുപ്പ് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) 66- ാ മത് റിപ്പോർട്ട് - അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ - മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന
1. സർക്കാരിന്റെ 29.06.2016 - ലെ എൽ.എസ്.ജി.ഡി. എബി1/112/2015 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 20.4.16 ലെ എം1-10034/16- ാം നമ്പർ കത്ത്.

1996- ൽ കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി ആരംഭിക്കുകയും കോടിക്കണക്കിനു രൂപ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ ഘടക സ്ഥാപനമായ അംഗൻവാടികളുടെ നിലവിലെ അവസ്ഥ വളരെ ശോചനീയമാണെന്ന് തെരഞ്ഞെടുത്ത അംഗൻവാടികൾ സന്ദർശിച്ച നിയമസഭാ സമിതി വിലയിരുത്തുന്നു. ഏറെ അംഗൻവാടികൾക്ക് നാളിതുവരെയായി സ്വന്തമായി ഭൂമിയോ കെട്ടിടങ്ങളോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 32922 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിൽ നിക്ഷിപ്തമായ ഉത്തവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ ഈ സ്ഥാപനങ്ങൾ പൂർണ്ണമായും വിജയിച്ചതായി കാണുന്നില്ല. ആയത് പരിശോധിച്ച് പരിഹരിക്കേണ്ടതാണ് . കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്ത അപരിഷ്കൃത മേഖലയായി ഇന്നും അംഗൻവാടികൾ നിലനിൽക്കുന്നതായി പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇതു പരിഹരിക്കേണ്ടതാണ്. സാങ്കേതിക മേഖലയിലും കമ്പ്യൂട്ടറിലും ഊന്നിയ ആധുനിക വിദ്യാഭ്യാസ രീതിയിലേക്ക് അതിവേഗം കുതിക്കുന്ന സംസ്ഥാനത്ത് അംഗൻവാടികൾ നോക്കുകുത്തികളായി മാറാതിരിക്കാനുള്ള നടപടികൾ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്. ബാല്യത്തിന്റെ വിശാല ലോകത്ത് നിന്നും വ്യവസ്ഥാപിതമായ ചട്ടകൂടുകളിലേക്ക് പിഞ്ച്കുഞ്ഞുങ്ങൾ പറിച്ച് നടപ്പെടുമ്പോൾ ആയതിനു അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അംഗൻവാടികൾ പരാജയപ്പെടുന്നതായി വിലയിരുത്തപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഇതു മൂലം ആരോഗ്യ മേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അംഗൻവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾ പോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ ക്ലാസ്സുകളിലേക്ക് ആകർഷിക്കപ്പെടുന്നത് തടയുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ആയതിനു പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അംഗൻവാടിക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്ലറ്റ് എന്നിവ മറന്നു പോകുന്നതായി കാണുന്നു. ഇതു പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്. അംഗൻവാടികളുടെ പ്രവർത്തനത്തിനു ചുക്കാൻ പിടിക്കുന്ന വർക്കർമാരും ഹെൽപ്പർമാരും പലപ്പോഴും കാര്യപ്രാപ്തിയിലേക്ക് എത്തുവാൻ ശ്രദ്ധിക്കുന്നില്ല. പേപ്പറിൽ മാത്രം പ്രവർത്തിക്കുന്ന വെൽഫയർ കമ്മിറ്റികൾ ഒരിക്കലും ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് അഭികാമ്യമായി വരുന്നില്ല. സ്വന്തമായി ഭൂമി കണ്ടെത്തുന്നതിനു ഇത്തരം കമ്മിറ്റികൾ ജാഗ്രത പുലർത്തുന്നതായി കാണുന്നില്ല. ടി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്തും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും കുറച്ച് കൂടി ഉണർന്ന് പ്രവർത്തിക്കേണ്ടതാണ്. സ്വന്തമായി ഭൂമി ഉണ്ടായിട്ടും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുക, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൂട്ടികിടക്കുന്ന കെട്ടിടങ്ങളിലേക്ക് അംഗൻവാടികളെ മാറ്റാതിരിക്കുക, സ്കൂളുകളിൽ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടന്നിട്ടും ആയത് പരിഗണിക്കാതിരിക്കുക എന്നിവയും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതു പഞ്ചായത്ത് തലത്തിൽ പരിശോധിക്കണം കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടു ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ ആയത് കൈയ്യിൽ സൂക്ഷിക്കുക, കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരിക്കുക തുടങ്ങിയ പ്രവണതകളും സമിതി പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയങ്ങളുംപഞ്ചായത്തുകൾ പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. നോൺ റോഡു മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചു നിലവിലുള്ള അംഗൻവാടികൾ പുനരുദ്ധരിക്കാമെന്നിരിക്കെ ആയതിനു

പഞ്ചായത്തുകൾ യാതൊരു താൽപര്യവും കാണിക്കാത്ത വിഷയങ്ങളും ചൂണ്ടികാണിക്കപ്പെടുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതും കുടിവെള്ളവും വൈദ്യുതിയും ബേബി ഫ്രണ്ട്ലിയായിട്ടുള്ള ടോയ്ലറ്റുകൾ ഇല്ലാത്തതുമായ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിലെ ജീവനക്കാരും കുട്ടികളും പ്രാഥമിക കർമ്മങ്ങൾക്കായി അയൽപക്കത്തെ വീടുകളെ ആശ്രയിച്ചുവരുന്നതായി സമിതി നിരീക്ഷിക്കുന്നു. മാറിവന്നുകൊണ്ടിരിക്കുന്ന സാമൂഹ്യപശ്ചാത്തലത്തിൽ ഇതു കുട്ടികളെ സുരക്ഷിതത്വത്തിനു കടുത്ത വെല്ലുവിളി ഉയർത്തുന്നു. അംഗനവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണനകൊടുക്കുന്നതിനു പകരം ഉള്ള അംഗനവാടിയുടെ കാര്യക്ഷമതയും ഗുണമേന്മയും ഉയർത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷവും അംഗൻവാടികളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതും സ്വകാര്യ സമാന്തര സ്ഥാപനങ്ങൾ തഴച്ച് വളരുന്നതും പഞ്ചായത്തുകൾ വിലയിരുത്തേണ്ടതാണ്. അത്തരം സ്ഥാപനങ്ങളിൽ ലഭിക്കുന്ന പരിചരണവും പരിശീലനവും ഭക്ഷണവും ശ്രദ്ധയും സുരക്ഷിതത്വവും വൃത്തിയും ട്രെയിനിംഗ് നൽകുന്ന ജീവനക്കാരുടെ യോഗ്യതയും കാര്യപ്രാപ്തിയും അംഗൻവാടികളില്ലായെന്ന പൊതുജന ധാരണ മാറ്റിയെടുക്കാൻ പഞ്ചായത്തുകൾക്കാകണം. ആവർത്തന വിരസത ഉണ്ടാക്കുന്നതും തുടർച്ചയായി നൽകുന്നതുമായ ഭക്ഷണ ക്രമത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും വിതരണം ചെയ്യുന്ന ഭക്ഷണം രുചികരവും ആരോഗ്യപ്രദായകവുമായതാകുന്ന തരത്തിൽ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയങ്ങളിൽ പൊതുജനത്തിനു ശരിയായ ധാരണ ലഭിക്കുന്നതിനാവശ്യമായ പ്രചരണം നൽകുന്നതിനു പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾക്ക് നൽകുന്ന ആഹാരത്തിനായി ഉപയോഗിക്കുന്ന ധാന്യങ്ങളും മറ്റ് പൂരക പോഷകാഹാരങ്ങളും സമയബന്ധിതമായി ലാബുകളിൽ അയച്ച് പരിശോധിച്ചു ആയതിന്റെ ഗുണമേന്മ ഉറപ്പാക്കേണ്ടതും ആയത് പൊതുജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. കേന്ദ്രസർക്കാരിന്റെ പോഷകാഹാര ഫണ്ട് ഒരു പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കുന്നതാണ് അഭികാമ്യം എന്ന് സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും ആയത് പഞ്ചായത്ത് പ്രതിമാസം അവലോകനം ചെയ്ത് കേരളത്തിലെ അംഗൻവാടികൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ബഹു. നിയമസഭാ സമിതി (2014-16) യുടെ 66- ാമത് റിപ്പോർട്ടിൽ സംസ്ഥാനത്തെ അംഗൻവാടികളുടേയും ശിശുക്ഷേമ പദ്ധതികളുടെയും ശോചനീയ അവസ്ഥയെക്കുറിച്ചും ആയത് പരിഹരിക്കുന്നതിനുള്ള സമിതി നിരീക്ഷണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഗ്രാമസഭകളിലും പഞ്ചായത്ത് കമ്മിറ്റികളിലും ഉദ്യോഗസ്ഥതലങ്ങളിലും ചർച്ചചെയ്ത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ രൂപീകരിച്ച് ഉത്തരവാദിത്ത ബോധത്തോടെ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
ബാലകിരൺ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ.

പകർപ്പ് - 1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും

( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

3. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ

( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ

( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

5. എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർക്കും

( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

6. ഡയറക്ടർ, ഐ.കെ.എം. (പ്രസിദ്ധീകരണത്തിന്).

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

24/5